**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - നിയോജകമണ്ഡല ആസ്തി വികസന പദ്ധതി - വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന പദ്ധതിക്കായി ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി - മാർഗ്ഗ നിർദ്ദേശങ്ങൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്

സ.ഉ.(അച്ചടി) നം.153/2017/ധന. തിരുവനന്തപുരം,തീയതി : 01.12.2017

---

പരാമർശം : 1) സ.ഉ.(അ) നം. 86/2017/ധന. തീയതി 04.07.2017
2) സ.ഉ.(അ) നം. 126/2017/ധന. തീയതി 25.09.2017
3) 26.10.2017 ലെ ധനകാര്യ മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന മീറ്റിംഗിലെ തീരുമാനം.

**ഉത്തരവ്**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നിർവ്വഹണം 2017-18 സാമ്പത്തിക വർഷം മുതൽ ജില്ലാ കളക്ടറേറ്റുകളിലേക്ക് മാറ്റുകയും ആയതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പരാമർശം (2) ലെ ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതി സംബന്ധിച്ച് കൂടുതൽ സ്പഷ്ടീകരണവും പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

2. വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഓരോ നിയോജകമണ്ഡലത്തിലേയും തെരഞ്ഞെടുത്ത ഒരു സ്കൂളിനെ മികവിന്റെ കേന്ദ്രമായി മാറ്റുന്ന ഒരു പദ്ധതി സർക്കാർ നടപ്പാക്കി വരികയാണ്. അതിനായി ഓരോ സ്കൂളിനും 5 കോടി രൂപ കിഫ്ബി ധനസഹായമായി പ്രഖ്യാപിച്ചിട്ടുണ്ട്. ബാക്കി വരുന്ന തുക പങ്കാളിയാകുന്ന ഏജൻസി അല്ലെങ്കിൽ സ്കൂൾ പിടിഎ, മറ്റു സാമ്പത്തിക സ്രോതസ്സുകൾ എന്നിവ മുഖേന കണ്ടെത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സ്കൂൾ പിടിഎകൾക്ക് വളരെ വലിയ തുകകൾ കണ്ടെത്തുവാൻ സാധിക്കാത്തതിനാലും സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നത് നിയോജകമണ്ഡലങ്ങളെ അടിസ്ഥാനപ്പെടുത്തിയായതിനാലും നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് കൂടി പ്രസ്തുത പദ്ധതിക്ക് പ്രയോജനപ്പെടുത്താൻ അനുവദിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ പദ്ധതി പ്രകാരം സൃഷ്ടിക്കുന്ന ആസ്തികളുടെ പരിപാലന ചെലവിന് കോർപ്പസ് ഫണ്ടായി ഒരു കോടി രൂപ ഓരോ എം.എൽ.എ.യും തങ്ങളുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് പ്രസ്തുത ഫണ്ട് മറ്റ് ഫണ്ടുകളുമായി ചേർത്ത് ഉപയോഗിക്കുവാൻ അനുമതിയില്ല. ആവർത്തന-പരിപാലന ചെലവുകൾക്കായി ആസ്തി വികസന ഫണ്ട് വിനിയോഗിക്കാനും വ്യവസ്ഥയില്ല.

3. കൂടാതെ, പരാമർശം (1) ഉത്തരവിലെ അനുബന്ധം 3 ലെ ഐറ്റം നമ്പർ 3 പ്രകാരം "കളക്ടർമാർക്ക് ഡിപിആർ സഹിതം ലഭിക്കുന്ന ശുപാർശകൾക്ക് വിശദമായ പരിശോധനയ്ക്ക് ശേഷം 10 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽത്തന്നെ ഭരണാനുമതി നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്". എന്നാൽ മേൽ സമയപരിധി അപര്യാപ്തമായതിനാൽ ആയത് 30 ദിവസമായി വർദ്ധിപ്പിക്കുന്നതിന് പരാമർശം (3) ൽ സൂചിപ്പിച്ച 26.10.2017 ലെ മീറ്റിംഗിൽ നിർദ്ദേശിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ലെ ഉത്തരവ് താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തുന്നു.

i. *പരാമർശ ഉത്തരവിലെ ഖണ്ഡിക 2 (2) ൽ ആസ്തി വികസന ഫണ്ട്, സർക്കാർ നടപ്പിലാക്കി വരുന്ന വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിലെ ഒരിനമായ ഓരോ*

*നിയോജകമണ്ഡലത്തിന്റെയും തെരഞ്ഞെടുത്ത ഒരു സ്കൂളിനെ മികവിന്റെ കേന്ദ്രമായി മാറ്റുന്ന പദ്ധതിയ്ക്കും വിനിയോഗിക്കുവാൻ അനുമതി നൽകുന്നു. എം.എൽ.എ.മാർ ഇതിനായുള്ള തങ്ങളുടെ ശുപാർശകൾ അതത് ജില്ലാ കളക്ടർമാർക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാ കളക്ടർമാർ ആയത് പരിശോധിച്ച്, ധനകാര്യ വകുപ്പിന്റെ പരിശോധനയ്ക്ക് നൽകുകയും പ്രസ്തുത വകുപ്പിന്റെ അനുമതിയോടെ ആസ്തി വികസന ഫണ്ട് വിഹിതം ടി പ്രവൃത്തിയ്ക്ക് അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിയ്ക്കേണ്ടതുമാണ്. ആസ്തി വികസന ഫണ്ടിൽ നിന്നുള്ള ചെലവ് '5475-00-800-91-Projects under LAC ADS (NP)' എന്ന ശീർഷകത്തിൽ നിന്ന് വഹിക്കേണ്ടതാണ്.*

ii. *ഇപ്രകാരം സൃഷ്ടിക്കുന്ന ആസ്തികൾ പരിപാലിക്കുന്നതിനായി രൂപീകരിക്കുന്ന കോർപ്പസ് ഫണ്ടിലേക്കായി ഓരോ എം.എൽ.എ.യ്ക്കും പരമാവധി ഒരു കോടി രൂപ ആസ്തി വികസന ഫണ്ടിൽ നിന്ന് ശുപാർശ ചെയ്യാവുന്നതാണ്. എം.എൽ.എ.മാർ ഇതിനായുള്ള തങ്ങളുടെ ശുപാർശകൾ അതത് ജില്ലാ കളക്ടർമാർക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാ കളക്ടർമാർ ആയത് പരിശോധിച്ച്, ധനകാര്യ വകുപ്പിന്റെ അനുമതിയോടെ, ഭരണാനുമതി പുറപ്പെടുവിക്കേണ്ടതാണ്. ആയതിനുള്ള ചെലവ് '4202-01-800-88-Projects under LAC ADS (NP)' എന്ന ശീർഷകത്തിൽ നിന്ന് വഹിക്കേണ്ടതാണ്. ഇപ്രകാരം അനുവദിക്കുന്ന തുക പ്രസ്തുത ശീർഷകത്തിൽ നിന്നും ബന്ധപ്പെട്ട സ്കൂളിനായി തുറന്നിട്ടുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ സ്ഥിരനിക്ഷേപമായി നിക്ഷേപിക്കുന്നതിനുള്ള നടപടികൾ അതത് ഉപവിദ്യാഭ്യാസ ഡയറക്ടർമാർ (DDE) സ്വീകരിക്കേണ്ടതാണ്. സ്ഥിരനിക്ഷേപത്തിൽ നിന്ന് ലഭിക്കുന്ന പലിശ ആസ്തികളുടെ പരിപാലനത്തിനായി വിനിയോഗിക്കാവുന്നതാണ്. ഇതു സംബന്ധിച്ച കണക്കുകൾ ഉപവിദ്യാഭ്യാസ ഡയറക്ടർമാർ സൂക്ഷിക്കേണ്ടതും ആയത് ഓഡിറ്റിന് വിധേയമാകുന്നതും ആണ്.*

iii. *പരാമർശം (1) ഉത്തരവിലെ അനുബന്ധം 3 ഐറ്റം നമ്പർ 3 ലെ '10 പ്രവൃത്തി ദിവസം' എന്നത് 30 പ്രവൃത്തി ദിവസമായി ഭേദഗതി വരുത്തി ഉത്തരവാകുന്നു.*

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**മിൻഹാജ് ആലം ഐ.എ.എസ്**
**സെക്രട്ടറി (ധനകാര്യ റിസോഴ്സസ്)**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), ( ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം,
2. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
3. ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
4. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
5. എല്ലാ മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
6. എല്ലാ എം.എൽ.എ. മാർക്കും
7. എല്ലാ ഭരണവകുപ്പുകൾക്കും
8. എല്ലാ വകുപ്പധ്യക്ഷൻമാർക്കും
9. എല്ലാ ജില്ലാ കളക്ടർമാർക്കും
10. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്ക്
11. അഡീഷണൽ സെക്രട്ടറി, ധനകാര്യ പരിശോധനാ വിഭാഗം
12. എല്ലാ ചീഫ് എഞ്ചിനീയർമാർക്കും
13. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
14. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
15. നോഡൽ ഓഫീസർ, www.finance.kerala.gov.in
16. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

**സെക്ഷൻ ഓഫീസർ**